**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 312** 03.02.2020 -**ൽ മറുപടിക്ക്**

**ഓട്ടിസം ചികിത്സാ കേന്ദ്രങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഓട്ടിസം ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ ഗവൺമെൻറ് വിക്ടോറിയ ആശുപത്രിയിലും എറണാകുളം ജില്ലയിൽ ജനറൽ ആശുപത്രിയിലും കോട്ടയം ജില്ലയിൽ മെഡിക്കൽ കോളേജ് ഐ.സി.എച്ച്, ഡി.ഇ.ഐ.സിയിലും കോട്ടയം ജനറൽ ആശുപത്രി ഡി.ഇ.ഐ.സിയിലും ഓട്ടിസം ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വയനാട് കൽപ്പറ്റയിൽ ഡി.ഇ.ഐ.സി മുഖാന്തിരം ഓട്ടിസം ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ എൻ.എച്ച്.എം.ന്റെ കീഴിലുള്ള ഡി.ഇ. ഐ.സി, ഇരിങ്ങാലക്കുടയിലുള്ള എൻ.ഐ.പി.എം.ആറിലും ഓട്ടിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ 15 സ്വകാര്യ സ്ഥാപനങ്ങളിലും ഓട്ടിസം ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തി ക്കുന്നുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തി ക്കുന്നുണ്ട്.<br>ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയൻറിഫിക്ക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് 1995 പ്രകാരം രജിസ്റ്റർ ചെയ്ത എസ്. ആർ. സി.സി. |

| | | | |
|---|---|---|---|
| | | | ഡി യുടെ കീഴിൽ ഐക്കോൺസ് എന്ന പേരിൽ 2 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>1. തിരുവനന്തപുരം ജില്ലയിൽ പുലയനാർകോട്ടയിൽ 1998 മുതൽ<br>2. പാലക്കാട് ജില്ലയിൽ ഷോർണ്ണൂർ കവളപ്പാറയിൽ 2000 മുതൽ.<br>സി.ഡി.സിയിൽ ഒരു ഓട്ടിസം ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപന മായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ ഒരു ഓട്ടിസം ചികിത്സാ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് കീഴിൽ എസ്.എ.ടി ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിന് കീഴിൽ ഓട്ടിസം നോഡൽ സെന്റർ, REIC എന്നീ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.<br>തിരുവനന്തപുരം ജില്ലയിൽ പുലയനാർകോട്ടയിൽ ഐക്കോൺസിൽ ഓട്ടിസത്തിനും, പഠനവൈകല്യങ്ങൾക്കും, സംസാരവൈകല്യം, മാനസികവും ബുദ്ധിപരവുമായ വൈകല്യങ്ങൾക്കും ചികിത്സയും തെറാപ്പികളും നൽകുന്ന കേന്ദ്രം പ്രവർത്തിക്കുന്നു. |
| (സി) | പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിൽ യോഗ്യരായ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളെ നിയമിക്കാത്തതു കാരണം കുട്ടികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല. എൻ.ഐ.പി.എം. ആറിൽ നിശ്ചിത യോഗ്യതയുള്ള 6 ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റുകൾ സേവനം ചെയ്തു വരുന്നു.<br>ഐക്കോൺസിന്റെ 2 കേന്ദ്രങ്ങളിലും Occupational Therapist-കളെ നിയമിക്കാത്തത് കാരണം കുട്ടികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നില്ലായെന്ന പരാതികൾ ഒന്നും തന്നെ ഐക്കോൺസിന്റെ ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. ഐക്കോൺസിന്റെ കേന്ദ്രങ്ങളിൽ നിന്നും നിലവിൽ തെറാപ്പികൾ നൽകുന്നത് psychology, speech and language pathology, physioterapy. |
| (ഡി) | എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ യോഗ്യരായ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | linguistics, special education എന്നീ മേഖലകളിലാണ്. |

സെക്ഷൻ ഓഫീസർ